# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2379** **12.02.2020- ൽ മറുപടിക്ക്**

## <u>കെ - സ്വിഫ്റ്റ്</u>

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ - ഇടത്തരം - ചെറുകിട മേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2019 ഡിസംബർ 31 വരെ വ്യവസായ വകുപ്പ് മുഖേന 53218 സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതു കൂടാതെ സംസ്ഥാനത്ത് പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് സർക്കാർ തീരുമാനിച്ചപ്രകാരം 'കേരള - സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്' പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം K-SWIFT വഴി നാളിതുവരെ 221 അപേക്ഷകർ 114.65 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി K-SWIFT ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | കെ-സ്വിഫ്റ്റ് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ പരിഷ്കരിച്ചതിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യവസായ രജിസ്ട്രേഷൻ നടത്താനാഗ്രഹിക്കുന്നവർക്ക് ലഭ്യമാവുക; വിശദമാക്കുമോ? | ബി) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ ഏകജാലക സംവിധാനമാണ് കെ.സ്വിഫ്റ്റ്. ഏകീകൃത അപേക്ഷ ഫോറം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രസ്തുത ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 ഏജൻസികൾ/ വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ.സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട |

സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ /ലൈസൻസുകൾ എന്നിവ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി അതിവേഗം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ ലൈസൻസുകൾ നൽകിയിട്ടുണ്ട്.

2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ(കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

ഇതു കൂടാതെ വ്യവസായ വകുപ്പിന്റെ വിവിധ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള ലാന്റിന്റെ വിവരങ്ങളും കെ-സിഫ്റ്റിൽ ലഭ്യമാണ്.

Anilkumar P

**സെക്ഷൻ ഓഫീസർ**